ഉത്തരം

(എ) ഉണ്ട്.

(ബി) പശ്ചിമബംഗാളിലെ ഖാദി കമ്മീഷന്റെ അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന്.

(സി)

	എണ്ണം	വില
2001-2002	18610	127.83 ലക്ഷം
2002-2003	21530	150.86 ലക്ഷം

(ഡി) വിവരം ശേഖരിച്ചുവരുന്നു.

(ഇ&എഫ്) മുൻകാലങ്ങളിൽ വാങ്ങിയ സിൽക്ക് സാരികളിൽ വിൽക്കാതെ ശേഷിക്കുന്നവയുടെ കണക്കെടുത്തശേഷമേ പുതിയതായി എത്ര സാരി വാങ്ങണമെന്നുള്ളത് തിട്ടപ്പെടുത്തുകയുള്ളൂ.

അണ്ടർ വാല്യൂവേഷൻ നടപടി

142 (2274) ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര അണ്ടർ വാല്യൂവേഷൻ നടപടികൾ നിലവിലുണ്ടെന്ന് ജില്ലതിരിച്ച് വെളിപ്പെടുത്തുമോ ;

(ബി) തിരുവനന്തപുരം ജില്ലയിൽ എത്ര അണ്ടർവാലേഷൻ നടപടികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒത്തുതീർപ്പാക്കി എന്നു വിശദമാക്കാമോ ;

(സി) അണ്ടർവാല്യൂവേഷൻ കേസ്സുകൾ ഒത്തുതീർപ്പാക്കുന്നതിനുള്ള മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) കോടതി വിധി പ്രകാരം മാറ്റി വച്ച അണ്ടർവാല്യൂവേഷൻ ഉത്തരവുകൾ അന്വേഷണം കൂടാതെ തന്നെ അതേ തുകയ്ക്ക് പുനരാരംഭിക്കുന്നതു കൊണ്ടുണ്ടാകുന്ന കേസുകൾ കുറയ്ക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(സി) അണ്ടർ വാല്യുവേഷൻ കേസ്സിലെ കക്ഷികൾക്ക് കേരള മുദ്രപത്ര നിയമം (പ്രിവൻഷൻ ഓഫ് അണ്ടർവാല്യുവേഷൻ ഓഫ് ഇൻസ്ട്രുമെന്റ്) 1968-ലെ റൂൾ 4 പ്രകാരം നോട്ടീസ് നൽകുന്നു. പ്രസ്തുത നോട്ടീസ് നൽകിയ തീയതി മുതൽ 21 ദിവസത്തിനകം കക്ഷികൾ ജില്ലാ രജിസ്ട്രാർക്ക് സമർപ്പിക്കുന്ന എഴുതി തയ്യാറാക്കിയ അപേക്ഷയും ആധാരത്തിൽ കാണിച്ചിട്ടുള്ള വില/പ്രതിഫലം സത്യസന്ധവും ശരിയായിട്ടുള്ളതുമാണെന്നു സമർപ്പിക്കുന്നതിന് ഹാജരാക്കുന്ന തെളിവുകളും പരിശോധിച്ചതിന് ശേഷമാണ് കേസ്സുകൾ തീർപ്പാക്കുന്നത്. അല്ലാത്തപക്ഷം ലഭ്യമായ വിവരങ്ങളുടെ (രജിസ്റ്ററിംഗ് ഓഫീസറുടെ റിപ്പോർട്ട്) അടിസ്ഥാനത്തിൽ തീർപ്പാക്കുകയും ചെയ്യും.

(ഡി) കക്ഷികൾ കോടതിയെ സമീപിച്ച കേസുകളിൽ കോടതി വിധി അനുസരിച്ചാണ് തീർപ്പ് കല്പിക്കുന്നതും ഉത്തരവുകൾ നൽകുകയും ചില കേസുകൾ കോടതി ജില്ലാ രജിസ്ട്രാറുടെ തീർപ്പിനായി റിമാന്റ് ചെയ്യാറുണ്ട്. ഇത്തരം കേസ്സുകളിൽ കക്ഷിക്കു പറയാനുള്ളതു കേൾക്കാൻ അവസരം നൽകി കേസിന്റെ എല്ലാ വശവും പരിഗണിച്ച് പുതുതായി പ്രതിഫലം/വില നിർണ്ണയിച്ച് മുദ്രവില കുറവുണ്ടെന്നു കണ്ടാൽ കുറവ് തുക ഒടുക്കാൻ ഉത്തരവുകൾ നൽകുകയാണ് ചെയ്യുന്നത്. പുതുതായി കേട്ടതിന് ശേഷവും മുൻ ഉത്തരവ് ഭേദപ്പെടുത്താൻ മതിയായ കാരണങ്ങളൊന്നും കാണുന്നില്ലെങ്കിൽ മുൻ ഉത്തരവ് തന്നെ സ്ഥിരപ്പെടുത്തി നൽകുകയും ചെയ്യും.

പുളിങ്ങോം-തയ്യേനി അത്തിയടുക്കം റോഡിന്റെ നിർമ്മാണം

143 (2275) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആർ.ഐ.ഡി.എഫ് 3-ൽ ഉൾപ്പെടുത്തിയ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിലെ നീലേശ്വരം ബ്ലോക്കിൽപ്പെടുന്ന പുളിങ്ങോം-തയ്യേനി-അത്തിയടുക്കം റോഡിന്റെ നിർമ്മാണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കാമോ ;

(ബി) 56 ലക്ഷം രൂപയ്ക്ക് ടെൻഡർ ചെയ്ത ഈ റോഡു പ്രവൃത്തി കോൺട്രാക്ടർ മരണപ്പെട്ടതിനെത്തുടർന്ന് റീ-ടെൻണ്ടർ ചെയ്തപ്പോൾ എസ്റ്റിമേറ്റ് 86 ലക്ഷം രൂപയായി വർദ്ധിക്കുകയും കൂടുതലായി വേണ്ടിവരുന്ന തുക പ്രവൃത്തി പൂർത്തിയാകുന്ന മുറയ്ക്ക് ലഭ്യമാക്കുമെന്ന് നബാർഡ് അറിയിച്ചതിനെത്തുടർന്നാണ് ഡി. എൽ. ഇ. സി. എസ്റ്റിമേറ്റിന് അംഗീകാരം നൽകിയതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ഈ പ്രവൃത്തികൾക്ക് കൂടുതലായി വേണ്ടിവരുന്ന തുക ലഭ്യമാക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ ?

ഉത്തരം

(എ) പ്രവൃത്തി പൂർത്തീകരിച്ചു.

LIBRARY ARCHIVES Kerala Legislative Assembly